## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3373** — **11.05.2017-ൽ മറുപടിയ്ക്ക്**

# ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) ജില്ലാ സഹകരണ ബാങ്കുകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേക്ക് എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (എ) | ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. | |
| | | തിരുവനന്തപുരം | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ ഒഴിവുകളില്ല. 18 ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്തത് പ്രകാരം PSC 13 പേരുടെ അഡ്വൈസ് നൽകുകയും, 13 പേർക്കും ബാങ്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ടി 13 പേരിൽ 12 പേർ ബ്രാഞ്ച് മാനേജർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ഒരു എൻ.ജെ.ഡി. PSC ക്ക് റിപ്പോർട്ട് ചെയ്ത മുറയ്ക്ക് അഡ്വൈസ് ലഭിക്കുകയും നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| | | കൊല്ലം | കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. PSC ക്ക് റിപ്പോർട്ട് ചെയ്ത 14 ഒഴിവുകളിൽ PSC മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| | | പത്തനംതിട്ട | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേക്ക് നിലവിലുള്ള 15 ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യുകയും അതിൽ 9 പേർക്ക് PSC അഡ്വൈസ് മെമ്മോ അയയ്ക്കുകയും, 9 പേർക്ക് ബാങ്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ആലപ്പുഴ | ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. ടി തസ്തികയിൽ PSC വഴി നേരിട്ടുള്ള നിയമനത്തിനായി ബാങ്കിൽ നിന്നും 10 ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അതിൽ 7 പേർക്ക് PSC നിയമന ശുപാർശ നൽകുകയും അതനുസരിച്ച് 2 NJD ഒഴിവുകൾ ഉൾപ്പെടെ ആകെ 7 പേർക്ക് ബാങ്കിൽ നിന്നും നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |
| കോട്ടയം | കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നേരിട്ട് നിയമനം നടത്തേണ്ടത് 16 തസ്തികകളാണ്. ടി 16 തസ്തികകളും PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും. ആയതിൽ 8 തസ്തികകൾ നികത്തിയി ട്ടുള്ളതുമാണ്. ഇനി 8 തസ്തികകളിൽ കൂടി നിയമനം നടത്തുവാനുണ്ട്. |
| ഇടുക്കി | 4 ഒഴിവുകളുണ്ട്. 8 പേരെ നിയമിച്ചു. |
| എറണാകുളം | 12 ഒഴിവുകൾ നിലവിലുണ്ട്. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേക്ക് 15 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 3 നിയമനങ്ങൾ ഇതുവരെ PSC വഴി നടത്തിയിട്ടുണ്ട്. |
| തൃശ്ശൂർ | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നുമില്ല. PSC വഴി നിലവിലുള്ള റാങ്ക് ലിസ്റ്റിലെ പാർട്ട് -1 ൽ നിന്നും 4 പേരും, പാർട്ട്-2 ൽ നിന്നും 3 പേരുമായി ആകെ 7 പേരെ നിയമിച്ചിട്ടുണ്ട്. നിയമനം സംബന്ധിച്ച് ബഹു. സുപ്രീംകോടതി യിൽ കേസ് നിലവിലുണ്ട്. കോടതി നിർദ്ദേശിച്ച പ്രകാരം 6 തസ്തികകൾ ഒഴിവാക്കിക്കൊണ്ടാണ് PSC ശുപാർശ ചെയ്ത എല്ലാവരെയും നിയമിച്ചിട്ടുള്ളത്. |
| പാലക്കാട് | പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ PSC മുഖേന നിയമനം നടത്തേണ്ട ബ്രാഞ്ച് മാനേജർ തസ്തികയുടെ ഒഴിവുകൾ 10 എണ്ണമാണ്. ആയത് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. PSC ൽ നിന്നും നിയമന |

| | |
|---|---|
| | ശുപാർശ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ പ്രസ്തുത 10 ഒഴിവുകളിൽ PSC മുഖേനയുള്ള നിയമനം നടന്നിട്ടില്ല. |
| മലപ്പുറം | ബ്രാഞ്ച് മാനേജർ തസ്തികയിൽ PSC വഴി നികത്തേണ്ട 14 ഒഴിവുകളിൽ 4 പേർ ഇതുവരെ PSC വഴി ജോയിൻ ചെയ്തിട്ടുണ്ട്. |
| കോഴിക്കോട് | 15 ഒഴിവുകളാണുള്ളത്. (അംഗീകൃത തസ്തിക 60, ആയതിന്റെ 25%) നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത 15 ബ്രാഞ്ച് മാനേജർ തസ്തികയിലേക്ക് PSC അഡ്വൈസ് ചെയ്ത 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| വയനാട് | 8 തസ്തികകൾ. ഒരാൾക്ക് മാത്രമേ PSC അഡ്വൈസ് ചെയ്തിട്ടുള്ളൂ. അവർക്ക് നിയമനം നൽകിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ബാക്കി തസ്തികയിലേക്ക് PSC അഡ്വൈസ് ചെയ്തിട്ടില്ല. |
| കണ്ണൂർ | 15 ഒഴിവുകൾ നിലവിലുണ്ട്. PSC അഡ്വൈസ് നൽകാത്തതിനാൽ നിയമനം നടത്താനായിട്ടില്ല. |
| കാസർഗോഡ് | നിലവിൽ 5 ഒഴിവുകളുണ്ട്. PSC വഴി 7 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ബി)

| ക്രമ നം. | ജില്ല | റാങ്ക് പട്ടിക അവസാനിക്കുന്ന തീയതി |
|---|---|---|
| 1 | തിരുവനന്തപുരം | 26.03.2018 |
| 2 | കൊല്ലം | 19.12.2017 |
| 3 | പത്തനംതിട്ട | 07.12.2017 |
| 4 | ആലപ്പുഴ | 16.11.2017 |
| 5 | കോട്ടയം | 28.12.2017 |
| 6 | ഇടുക്കി | 12.01.2018 |
| 7 | എറണാകുളം | 06.01.2018 |
| 8 | തൃശ്ശൂർ | 29.12.2017 |
| 9 | പാലക്കാട് | 10.11.2017 |
| 10 | മലപ്പുറം | 10.12.2017 |
| 11 | കോഴിക്കോട് | 10.03.2018 |

| | | |
|---|---|---|
| 12 | വയനാട് | 22.12.2017 |
| 13 | കണ്ണൂർ | 17.11.2017 |
| 14 | കാസർഗോഡ് | 29.12.2017 |

PSC വഴി നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും PSC-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ